LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. പരീക്ഷാനടത്തിപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച കേസുകൾ

16 (23) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള എത്ര കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴയിൽ ഒക്ടോബർ 12-ന് നടന്ന പോലീസ് ജനറൽ എക്സിക്യൂട്ടീവ് വിഭാഗം സബ് ഇൻസ്പെക്ടർ പരീക്ഷയുടെ ചോദ്യക്കടലാസിൽ ചിലതിന്റെ സീലുകൾ പൊട്ടിയിരുന്നതുമായി ബന്ധപ്പെട്ട് ഉയർന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണം നടത്തിയിരുന്നോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) പി.എസ്.സി. പരീക്ഷകൾ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ ഇടനിലക്കാർ ചോദ്യക്കടലാസ് പുറത്തെത്തിച്ച് മൊബൈൽ ഫോൺ മുഖേന ശരി ഉത്തരങ്ങൾ കൈമാറുന്നതുമായി ബന്ധപ്പെട്ട് ഉയർന്ന ആക്ഷേപങ്ങളെക്കുറിച്ച്, മേൽ നടന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ അടിയന്തരമായി അന്വേഷിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി.യിൽ റിക്രൂട്ട്മെന്റ് ഓഡിറ്റ് വിഭാഗം രൂപീകരിക്കാൻ നടപടി

17 (26) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ റിക്രൂട്ടിംഗിന്റെ വിശ്വാസ്യത ഉറപ്പു വരുത്തുന്നതിന് പി.എസ്.സി. നിയമനം കുറ്റമറ്റതാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി. നിയമനം സംബന്ധിച്ചുള്ള ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(സി) കഴിഞ്ഞകാല പി.എസ്.സി. നിയമനങ്ങളിൽ പ്രസ്തുത സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചിരുന്നുവോ ; വ്യക്തമാക്കുമോ ;

(ഡി) സർക്കാർ സർവ്വീസിൽ വ്യാജ നിയമനങ്ങൾ കണ്ടുപിടിച്ച സാഹചര്യത്തിൽ പി.എസ്.സി.യിൽ 'റിക്രൂട്ട്മെന്റ് ഓഡിറ്റ് വിഭാഗം' രൂപീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനകം നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പരിശോധിച്ചു വരുന്നു.

വ്യാജ നിയമനങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി

18 (27) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ വ്യാജ രേഖകളുണ്ടാക്കി നിയമന ഉത്തരവുകൾ നൽകുകയും ഈ ഉത്തരവുകൾ പ്രകാരം ചിലർ സർവ്വീസിൽ കയറിപ്പറ്റുകയും ചെയ്യുവാൻ ഇടയായ സംഭവങ്ങളിൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നിയമന നടപടികളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി. നിയമനത്തിന്റെ പേരിലുള്ള തട്ടിപ്പ്

19 (29) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ വ്യാജ രേഖകൾ നിർമ്മിച്ച് ചിലർ സർക്കാർ ഓഫീസുകളിൽ ജോലി സമ്പാദിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധമായ വിശദാംശങ്ങൾ, ഈ തട്ടിപ്പു നടത്താൻ ഇടയായ സാഹചര്യം അടക്കം വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly